വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡ് വികസനം

98 (3729) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സിയാൽ) വികസനവുമായി ബന്ധപ്പെട്ട് അങ്കമാലിയിൽ നിന്നുള്ള പ്രധാനപ്പെട്ടതും തിരക്കേറിയതും എം.സി.റോഡിൽനിന്നു എയർപോർട്ടിലേക്കുള്ള ഏക മാർഗ്ഗവുമായ വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിന് സിയാൽ നടപടികൾ സ്വീകരിക്കുമോ ;

(ബി) സിയാൽ ചെയർമാൻ എന്ന നിലയ്ക്ക് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് സിയാൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ഈ വിഷയം പരിശോധിച്ചുവരുന്നു.

ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

99 (3730) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത കമ്മീഷൻ മുമ്പാകെ സർക്കാർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സോളാർ തട്ടിപ്പ് കേസിൽ അധികാരസ്ഥാനങ്ങളുടെ സ്വാധീനം ഉണ്ടെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണകമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജസ്റ്റിസ് ജി ശിവരാജൻ കമ്മീഷൻ മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റ്മെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷിചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (Impleading Petitions) സർക്കാർ ഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റ്മെന്റുകൾക്ക് (Statement of Allegations)മറുപടിയായി ഫയൽ ചെയ്ത 'സ്റ്റേറ്റ്മെന്റ് ഇൻ റെസ്പോൺസ്'ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത്.

(സി) കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്.

റസിഡന്റ്സ് അസോസിയേഷനുകൾ

100 (3731) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി അവയെ തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആക്കുന്നതു പരിഗണിക്കുമോ ;

(ബി) റസിഡന്റ്സ് അസോസിയേഷനിലെ ഇലക്ഷൻ പ്രക്രിയ സുതാര്യമാക്കുന്നതു പരിഗണിക്കുമോ ;

(സി) റസിഡന്റ്സ് അസോസിയേഷനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതു പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് സെക്രട്ടറിയുടെ അപേക്ഷ

101 (3732) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ ഇൻഫർമേഷൻ കേരള മിഷൻ എംപ്ലോയീസ് കോൺഗ്രസ് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly